Malayala Manorama
മലയാള മനോരമ

# കോയമ്പത്തൂർ എൻവിസ് കേന്ദ്രത്തിന് ദേശീയ പുരസ്കാരം

കോയമ്പത്തൂർ ● കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന ഐഎഫ്ജിടിബി എൻവിസ് കേന്ദ്രത്തിന് 2023-24 വർഷത്തെ സതേൺ സോണിലുള്ള മികച്ച എൻവിസ് കേന്ദ്രത്തിനുള്ള ദേശീയ പുരസ്കാരം ലഭിച്ചു.

നിലവിൽ ഡപ്യൂട്ടേഷനിൽ കേരള വനഗവേഷണ സ്ഥാപനത്തിന്റെ ഡയറക്ടറായ ഡോ. കണ്ണൻ വാരിയർ എൻവിസ് മേധാവിയായിരിക്കുമ്പോഴുള്ള പ്രവർത്തനങ്ങൾക്കാണ് പുരസ്കാരം ലഭിച്ചത്. സതേൺ റീജനിലെ 16 എൻവിസ് കേന്ദ്രങ്ങളിൽ നിന്നാണ് കോയമ്പത്തൂർ തിരഞ്ഞെടുക്കപ്പെട്ടത്. നിലവിൽ ഡോ. രേഖ വാരിയരാണ് കോയമ്പത്തൂർ എൻവിസ് കേന്ദ്രത്തിന്റെ മേധാവി.




കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ കീഴിലെ സതേൺ റീജന്റെ മികച്ച എൻവിസ് കേന്ദ്രത്തിനുള്ള 2023-24 വർഷത്തെ പുരസ്കാരം കോയമ്പത്തൂർ എൻവിസ് മേധാവി രേഖ വാരിയർ സ്വീകരിക്കുന്നു.

ഡോ. എസ്.വിഗ്നേശ്വരൻ (പ്രോഗ്രാം ഓഫിസർ), ഡോ. ടി. വാമദേവൻ (ഇൻഫർമേഷൻ ഓഫീസർ), വി.തങ്കവേൽ (ഐടി ഓഫിസർ), ജി.വി.ശുഭശ്രീ (ഡാറ്റാ എൻട്രി ഓപ്പറേറ്റർ), ഡോ. രേഖ വാരിയർ (വന വിജ്ഞാൻ എഡിറ്റർ) എന്നിവരാണ് എൻവിസ് ടീമിൽ പ്രവർത്തിക്കുന്നത്.

31. News in Malayala Manorama, Palakkad, 09.09.2024, Award for best EIACP centre in South Zone.